# കേരള സർവകലാശാല

നം. പി.ആർ.048/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### അവധിക്കാല ക്ലാസ്സുകൾ

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം ഏപ്രിൽ/മെയ് മാസങ്ങളിൽ ഒൻപത്, പത്ത്, 11, 12 ക്ലാസ്സുകളിലെ പരീക്ഷ കഴിഞ്ഞ സ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തുന്ന അവധിക്കാല ക്ലാസ്സിന് അപേക്ഷ ക്ഷണിച്ചു. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, പബ്ലിക്ക് സ്പീക്കിങ് , ക്രിയേറ്റീവ് റൈറ്റിങ്, സോഫ്റ്റ്സ്കിൽ ഡവലപ്മെന്റ് എന്നിവയും വ്യക്തിത്വ വികസനവുമായി ബന്ധപ്പെട്ട പ്രസക്തമായ മറ്റ് മേഖലകളെക്കുറിച്ചും ക്ലാസ്സുകൾ നടത്തും. നാൽപ്പത് (40) വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകും. ഫീസ് 4000/- രൂപ അപേക്ഷിക്കാനുള്ള അവസാന തീയതി മാർച്ച് 20. വിശദ വിവരങ്ങൾക്ക് ഫോൺ : 0471-2302523.

### കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ഫലം

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം ജനുവരിയിൽ നടത്തിയ സർട്ടിഫിക്കറ്റ് ഇൻ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ആന്റ് പബ്ലിക്ക് സ്പീക്കിങ് കോഴ്സിന്റെ ഫലം പ്രസിദ്ധീകരിച്ചു. തോമസ് ഉമ്മൻ (രജി. നമ്പർ: 10819) ഒന്നാം റാങ്ക് നേടി. ഫോൺ : 0471-2302523.

### ബി. എസ്സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പ്രാക്ടിക്കൽ

കേരള സർവകലാശാല നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ (കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്) ബി.എസ്സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാർച്ച് ആറ് മുതൽ അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.എഫ്.എ പരീക്ഷ

കേരള സർവകലാശാല മാർച്ച് 20-ന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ എം.എഫ്.എ (പെയ്ന്റിംഗ് ആൻഡ് സ്കൾപ്ച്ചർ) പരീക്ഷക്ക് പിഴകൂടാതെ മാർച്ച് 10 (50 രൂപ പിഴയോടെ മാർച്ച് 13, 250 രൂപ പിഴയോടെ മാർച്ച് 14) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.സി.എ ഫലം

കേരള സർവകലാശാല 2016 ആഗസ്റ്റിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.സി.എ (2013-ന് മുമ്പുള്ള അഡ്മിഷൻ) 2010 സ്കീം പരീക്ഷയുടേയും, 2016 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.സി.എ (റീസ്ട്രക്ചേർഡ് - 2007 സ്കീം) പരീക്ഷയുടേയും ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിന് മാർച്ച് 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

## ബി.എ ഫലം

**കേരള സർവകലാശാല 2016 ആഗസ്റ്റിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് & കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (2013-ന് മുമ്പുള്ള അഡ്മിഷൻ) കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.**

തിരുവനന്തപുരം.
04.03.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,



സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**